# ഗവ. എൽ പി എസ്സ്
# മേട്ടുക്കട

## തിരുവനന്തപുരം സൗത്ത്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും നിശ്ചിത കാലയളവിൽ മുഴുവൻ വിദ്യാർഥികളെയും എല്ലാ വിഷയത്തിലും മുൻനിരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തയാറാക്കുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വരുന്ന അധ്യായനവർഷത്തിൽ കുട്ടികൾ എന്തൊക്കെ ശേഷികൾ നേടണം എന്നതിനെ ആസ്പദമാക്കി വിവിധങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു രൂപരേഖ തയ്യാറാക്കുകയും അധ്യാപകർ, വിദ്യാർഥികൾ,പൊതുപ്ര വർത്തകർ തുടങ്ങിയവരെ കോർത്തിണക്കി കൊണ്ട് അക്കാദമി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.പ്രാഥമിക വിദ്യാഭ്യാസം കുട്ടിയുടെ വ്യക്തിത്വ വികസനത്തിന്റെയും അറിവിന്റെ അടിസ്ഥാന ഘടന രൂപപ്പെടുത്തുന്നതിന്റെയും പ്രധാന ഘട്ടമാണ്. എൽ.പി. വിഭാഗം വിദ്യാർത്ഥികളുടെ ബൗദ്ധിക, സാംസ്കാരിക, സാമൂഹിക, മാനസിക മേഖലകളിൽ സമഗ്രമായ വളർച്ച ലക്ഷ്യമിട്ട് ആസൂത്രണം ചെയ്യേണ്ട ഘട്ടമാണിത്. ഈ സാഹചര്യത്തിലാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിദ്യാലയ വിദ്യാഭ്യാസത്തെ ആഗോളമായും സമഗ്രമായും നവീന രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത്.
പ്രൈമറി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള, വളർച്ചയാർന്ന, അവസരസമത്വം ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസം നൽകാനാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ദൗത്യം. വായന, എഴുത്ത്, ഗണിതം, ശാസ്ത്രം, സാമൂഹിക പഠനങ്ങൾ, ശാരീരിക വിദ്യാഭ്യാസം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെ ഏകീകരിച്ച് ശിശുകേന്ദ്രീകൃതമായ പഠനപരിപാടികൾ രൂപപ്പെടുത്തുന്ന വിധത്തിലാണ് പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത് .
പാഠ്യപദ്ധതിയുമായി കൂട്ടിയിണക്കി ആഴത്തിൽ പഠനമുറകളെ ആവിഷ്കരിക്കുകയും വിവിധ അധ്യയനശാഖകളിൽ വിദ്യാർത്ഥികളുടെ മനസ്സ്, കഴിവ്, താല്പര്യം എന്നിവ പരിഗണിച്ചും തയാറാക്കിയ ഈ പ്ലാൻ തിരുവനന്തപുരം സൗത്ത് മേട്ടുക്കട ഗവ. എൽ പി സ്കൂളിന് 2025 - 26 അധ്യയന വർഷത്തിലേക്കുള്ള ഒരു മാർഗരേഖയാണ്.

## കാഴ്ചപ്പാട്

* സാമൂഹിക പ്രതിബദ്ധതയും ദേശസ്നേഹവും മൂല്യബോധവും അച്ചടക്കവുമുള്ള  പൗരന്മാരായി കുട്ടികളെ വാർത്തെടുക്കും.

* ശാസ്ത്രാവബോധവും ചരിത്രാവബോധവും സ്വാശ്രയ ശീലവും ഉള്ളവനായി സമൂഹത്തെ നയിക്കാൻ പ്രപ്തരാക്കും.

* കുട്ടികൾക്ക് ആർജ്ജിച്ചെടുത്ത കഴിവുകൾ വ്യത്യസ്ത സന്ദർഭങ്ങൾക്കനുസരിച്ച് അവരുടെ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കും.

* വിദ്യാലയത്തിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികളേയും രക്ഷിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർത്തുന്നതിന് ആത്മാർത്ഥമായി പ്രവർത്തിക്കും.

പൊതുലക്ഷ്യങ്ങൾ

1. ശിശുകേന്ദ്രീകൃത പഠനാന്തരീക്ഷം ഉറപ്പാക്കുന്നു.

2. കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെയും കാഴ്ചപാടുകളെയും രചനകളിലൂടെയും പ്രസംഗിച്ചും ചർച്ചകളിലൂടെയും ഉണ്ടാക്കി ഉത്തമ പൗരന്മാരാക്കി മാറ്റും.

3. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവുറ്റവരാക്കും.

4. വിവര സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാനുഭവങ്ങൾ ഉറപ്പുവരുത്തും.

5. മത്സരപരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

6. ചിത്രവൽക്കരിച്ച പഠനങ്ങളുടെ സഹായങ്ങൾ പ്രയോജനപ്പെടുത്തി പഠനം സുഗമമാക്കും.

7. പ്രത്യേക പരിശീലനം അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനാനുഭവം ഉറപ്പാക്കും.

8. മികച്ച സാമൂഹിക പങ്കാളിത്തത്തോടെ സ്കൂളിന്റെ മികവിന്റെ പതാകയിലേക്കുയർത്തും.

9. പ്രീ-പ്രൈമറി വിദ്യാഭ്യാസം മികവുറ്റതാക്കുന്നു.

# ഉപലക്ഷ്യങ്ങൾ

1 കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തിയെടുക്കാൻ ചിത്രരചനാ ക്യാമ്പുകൾ, ITസാധ്യത പ്രയോജനപ്പെടുത്തി കമ്പ്യൂട്ടർ ചിത്രരചനാമത്സരങ്ങൾ, പഴമകൾ നിലനിർത്താൻ നാടൻപാട്ട് ശില്പശാല എന്നിവ സംഘടിപ്പിക്കും.

കായിക ശേഷി വികസനത്തിനുതകുന്ന മെച്ചപ്പെട്ട കായിക പരിശീലനവും കായിക വിദ്യാഭ്യാസവും നൽകും.

2. ഇംഗ്ലീഷ് അസംബ്ലിയിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തും.

ഇംഗ്ലീഷ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് റൈമുകൾ, കഥകൾ എന്നിവ കേൾക്കുന്നതിന് അവസരം ഒരുക്കും.

3. ഭാഷാവിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും ഐ.സി.ടി. സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

4. എൽ.എസ്.എസ്. പരീക്ഷയ്ക്ക് പ്രത്യക പരീശീലനം, മാസംതോറും ജനറൽക്വിസ്, വാരാന്ത്യത്തിൽ മാധ്യമക്വിസ്, അസംബ്ലിയിൽ പത്രവാർത്തയിലെ പ്രധാന ചോദ്യം ചോദിക്കൽ, ഉത്തരപ്പെട്ടി, നറുക്കെടുപ്പ്, സമ്മാനം ഇവ നടത്തും.

5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക മത്സരങ്ങൾ, ക്യാമ്പുകൾ, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കും.

6. മികച്ച സാമൂഹ്യ പങ്കാളിത്തത്തോടെ ദിനാചരണങ്ങളും മറ്റ് പൊതുപരിപാടികളും സംഘടിപ്പിക്കും.

7. ജൈവ വൈവിധ്യനിരീക്ഷണവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ-പുഴയറിയാൻ, മലയറിയാൻ- സംഘടിപ്പിക്കും.

ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട് സസ്യങ്ങൾ, പൂക്കൾ, ഇലകൾ, വേരുകൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ ശേഖരണവും പതിപ്പും തയ്യാറാക്കും.

ശാസ്ത്രാവബോധ ശേഷികളായ നിരീക്ഷണം,വർഗ്ഗീകരണം, താരതമ്യം അപഗ്രഥനം, നിഗമനം എന്നിവയ്ക്ക്അനുഭവഭേദ്യമായ അവസരങ്ങൾ ഒരുക്കുവാൻ പഠനയാത്ര സംഘടിപ്പിക്കും.

8. പ്രി പ്രൈമറി വിദ്യാർത്ഥികൾക്ക് സ്കൂൾ വിദ്യാർത്ഥികളുടേതിന് സമാനമായി എല്ലാ അവസരങ്ങളും ഒരുക്കും.

വിദ്യാലയ പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പൊതുപരിപാടികളിലും പ്രീ.പ്രൈമറി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും പങ്കാളിത്തം ഉറപ്പുവരുത്തും.

## ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

### ലക്ഷ്യങ്ങൾ

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കും.
* മികച്ച ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കും.
*ഇൻക്ലൂസീവ് ക്ലാസ്സ്‌റൂം ഒരുക്കൽ.
* വിവിധ ഏജൻസികളുടെ സഹായം തേടും.

### പ്രവർത്തനങ്ങൾ

1. പ്രത്യേക ടീച്ചിങ് മാന്വൽ,ആസൂത്രണം തയ്യാക്കൽ.
2. വിവിധ തരം കളിക്കോപ്പുകൾ നൽകി പേശിവികാസത്തിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകും.
3. അധ്യാപകരെ പ്രോത്സാഹിപ്പിക്കുക.
4. പിടിഎ, എസ് എംസി എന്നിവരുടെ സഹകരണത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായം നൽകുക.
5. ബഡ്ഡിസ് പ്രവർത്തനങ്ങൾ ഒരുക്കൽ.
6. ഐസിടി സാധ്യതകൾ കൂടുതലായി ഉപയോഗിക്കൽ.

# അധ്യാപക ചുമതലകൾ( 2025-26)

| | |
|---|---|
| SRG കൺവീനർ | സുമയ്യ എസ്സ് |
| വിദ്യാരംഗം | വിജി കെ |
| ശാസ്ത്ര ക്ലബ് | വിജി കെ |
| ഗണിത ക്ലബ് | രതീഷ് എൻ,സുമയ്യ എസ്സ് |
| ഗാന്ധിദർശൻ | വിജി കെ |
| സോഷ്യൽ സയൻസ് ക്ലബ് | രതീഷ് എൻ, സുമയ്യ എസ്സ് |
| LSS | സുമയ്യ എസ്സ് |
| ഇക്കോ ക്ലബ്, ആരോഗ്യം | അമൃത് ജെ സർളിൻ |
| സ്കൂൾ വിക്കി | വിജി കെ |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
# ജൂൺ 3 - 13 വരെയുള്ള എൽ.പി പ്രവർത്തനങ്ങൾ

ചുമതല: ക്ലാസ് അധ്യാപകർ

*03/06/2025:*
പൊതു കാര്യങ്ങൾ

*04/06/2025:*

റോഡിലൂടെ സഞ്ചരിക്കുമ്പോൾ  ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾവാഹനസഞ്ചാരം അറിയേണ്ട കാര്യങ്ങൾ

*05/06/2025:*
വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്കൂൾ സൗന്ദര്യ വത്ക്കരണം

*09/06/2025:*
ആരോഗ്യം, വ്യായാമം, കായിക ക്ഷമത,

*10/06/2025:*

ഡിജിറ്റൽ അച്ചടക്കം

*11/06/2025:*
പൊതുമുതൽ സംരക്ഷണം,

*12/06/2025:*
പരസ്പരസഹകരണത്തിന്റെ പ്രാധാന്യം,

*13/06/2025:*
പൊതു ക്രോഡീകരണം,

# മേഖല : ഒന്നാം ക്ലാസ്സ്

**ലക്ഷ്യങ്ങൾ**

ഒന്നാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോഴേക്കും താൽപര്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിക്കാനും വായനാനുഭവങ്ങൾ പങ്കുവയ്ക്കാനും കുട്ടിക്ക് കഴിയണം.

എഴുത്തുശേഷി വികസിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

ചിത്രവായന:

കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിക്കുന്നു.

കാർഡുകളി:

അക്ഷരകാർഡുനൽകി പദങ്ങൾ ഉണ്ടാക്കിവായിക്കൽ, പദങ്ങൾ ചേർത്തുവെച്ച് അർത്ഥപൂർണ്ണമായ വാക്കുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

വായനക്കൂട്ടം:

കുട്ടികൾക്കനുയോജ്യമായ ലൈബ്രറി പുസ്തകം തിരഞ്ഞെടുത്ത് അധ്യാപികയും കുട്ടികളും ഒരുമിച്ചിരുന്ന് വായിക്കുന്നു.

കഥപറയൽ മത്സരം

കഥ,കവിത മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കഥയുടെ ബാക്കിഭാഗം പൂർത്തിയാക്കൽ, കവിതപൂരണം ചിത്രം കഥയാക്കിമാറ്റൽ.

ഭാഷാകേളി:

കളികളിലടെ ഭാഷാപഠനം സാധ്യമാക്കും

കഥകേൾക്കാം

ICT സാധ്യതകളുപയോഗിച്ച് കഥ, കവിത കേൾക്കുന്നു.

വായനകാർഡ് നിർമ്മാണം

ചിത്രം നൽകി ലഘുവാക്യങ്ങൾ എഴുതുന്നു.

ആഭരണമണിയിക്കാം

ചിഹ്നങ്ങൾ ചേർക്കാതെ വാക്യങ്ങൾ നൽകുന്നു. ചിഹ്നങ്ങൾ അണിയിക്കുന്നു.

ബാലസഭ:

കഥ, കവിത, ആംഗ്യപ്പാട്ട്, ഇവ ബാലസഭയിൽ അവതരിപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോഴേക്കും താൽപര്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനും, വായനാനുഭവങ്ങൾ പങ്കുവയ്ക്കാനും കുട്ടിക്ക് കഴിയണം | ചിത്രവായന<br>പദകാർഡ്<br>വായനക്കൂട്ടം<br>കഥപറയൽ മത്സരം<br>കഥകേൾക്കാം | ഒരു വർഷം | ക്ലാസ്സ് അധ്യാപകൻ | |
| എഴുത്ത് ശേഷി വികസിപ്പിക്കൽ | കഥ-പാട്ടെഴുതൽ മത്സരം<br>ഭാഷാകേളി<br>വായനക്കാർഡ് നിർമ്മാണം<br>ബാലസഭ | മാസത്തിൽ ഒന്ന് | CPTA | |

## English

**Objecives**

To use English language easily and simply.

Make Interest in English Language

Activities

1. Playing with cards

   Give Letter card and make words by using the letters

2. English Assembly

   Presentation of rhymes,stories, puzzles, description and general knowledge

3. Library reading

   Give chance to the students to read rhymes and motivational knowledgefull stories

4. Conversation

   Give chance to speak English language

5. Dictionary

   Make a dictionary by using the related words and picture of the lesson

6. Use of ICT

   Display the short story, Moral stories, simple poem, picture etc.

ഇംഗ്ലീഷ്

Objectives

1. Listening and Understanding: Enabling learners to listen to narratives, teacher talk, and instructions, and respond both verbally and non-verbally.

2. Language Familiarization:

Recognizing and using vocabulary related to vehicles, animals, birds, colors, numbers, and body parts.

Using basic phatic expressions like "Hello", "Sorry", "Thank you", and "Bye".

3. Phonemic Awareness:

Identifying letters and their corresponding sounds.

Understanding the structure of simple sentences and usage of stative verbs like "has/have".

4. Oral and Written Communication:

Describing familiar objects and people using basic attributes (size, color, etc.).

Engaging in short conversations and role-play using simple English.

Reading and constructing simple sentences, dialogues, and songs.

5. Cognitive and Social Skills:

Developing ideas related to helping others and understanding traffic rules.

Encouraging creativity and participation through games, activities, and collaborative tasks.

6. Literacy Skills:

Familiarization with basic punctuation (capitalization, full stops, spacing).

Engaging in reading activities that support early literacy development.

## Process

### JUNE & JULY

- **Unit 1: Honk, honk…Toot, toot**
  **Themes:** Vehicles, Personal relationships, Helping others

**Objectives:**

- Listen and respond to teacher talk and narratives
- Recognize vehicle-related vocabulary and basic colors and numbers (1–10)
- Practice phatic expressions (Hello, Sorry, Thank you, Bye)
- Learn letter-sound relationships
- Describe familiar vehicles using simple sentences
- Understand simple structures: "This is…", "It has…", "not big…"

---

### AUGUST & SEPTEMBER

**Unit 2: Back to Green**
**Themes:** Environment, Nature, Plants and Animals

**Objectives:**

- Recognize and name common natural elements (plants, animals, seasons)
- Describe physical features using size, color, and number
- Develop vocabulary related to greenery and environment
- Engage in nature-based songs, games, and conversations
- Use descriptive phrases and statements in context
- Continue phonemic awareness and early reading practices

---

### OCTOBER & NOVEMBER

**Unit 3: MEOW**
**Themes:** Animals, Emotions, Friendship

**Objectives:**

- Identify and name familiar animals and their sounds
- Describe emotional expressions (happy, sad, angry, etc.)
- Use dialogues and role-play for expressing feelings
- Read and construct short conversations
- Reinforce sentence structure: “I have...”, “Do you have...?”, “Yes/No”
- Strengthen listening comprehension through stories and songs

---

## DECEMBER & JANUARY

**Unit 4: The Team Rain**
**Themes:** Weather, Teamwork, Nature

**Objectives:**

- Learn vocabulary related to rain, weather, and seasons
- Develop cooperative learning through group tasks and storytelling
- Engage in rhymes/songs about nature
- Practice describing natural events and group actions
- Extend sentence patterns: “We are...”, “It is raining”, “They have...”
- Improve reading fluency with picture-text matching

---

## FEBRUARY & MARCH

**Unit 5: ROBO THE ROBOT**
**Themes:** Technology, Imagination, Responsibility

**Objectives:**

- Introduce basic technology vocabulary (robot, machine, parts)
- Stimulate imagination and creativity through guided storytelling
- Describe actions and attributes using verbs and adjectives
- Construct simple dialogues involving a robot
- Consolidate year-long phonics and sentence structure learning
- Practice revision activities, reading comprehension, and project work

---

| Objectives | Activities | Duration | Duty | Source |
|---|---|---|---|---|
| To use English Language easily and simply | Playing with cards<br>English Assembly<br>Library reading<br>Conversation<br>Dictonary<br>use of ICT | June-March | Class Teacher | |

# മേഖല : ഗണിതം

**ലക്ഷ്യം**

1 മുതൽ 100 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യൽ

സങ്കലനം വ്യവകലനം, ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ

ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയൽ

**പ്രവർത്തനം**

കാർഡുകളി

സംഖ്യകൾ എഴുതിയ കാർഡ്, സങ്കലന വ്യവകലനക്രിയകൾക്ക് ഉത്തരം കണ്ടെത്തുക.

മഞ്ചാടിക്കൂട്ടം

സംഖ്യകളെ കൂട്ടങ്ങളാക്കുന്നു. സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു.

ഗണിത കിറ്റ്:

ഗണിത പഠനത്തിനാവശ്യമായ ചുറ്റുപാടിൽ നിന്നും കിട്ടുന്ന, മഞ്ചാടി, കല്ലുകൾ, ഈർക്കിലുകൾ, മച്ചിങ്ങ ഇവ ശേഖരിക്കുന്നു.

ഗണിതകേളി

ഗണിത കളികളിലൂടെ ഗണിതപഠനം സാധ്യമാക്കാം

ICT സാധ്യതകളുപയോഗിച്ച് ഗണിതപ്പാട്ടുകൾ, ചിത്രങ്ങൾ, കളികൾ കാണിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * 1 മുതൽ 100 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യൽ<br>* സങ്കലനം,വ്യവകലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ<br>* ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിയുക<br>* ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടികളെ വളർത്തൽ | കാർഡുകളി<br>മഞ്ചാടിക്കൂട്ടം<br>ഗണിതക്കിറ്റ്<br>ഗണിതകേളി<br>ഐ.സി.റ്റി | ജൂൺ - മാർച്ച് | ക്ലാസ്സ് അധ്യാപിക<br>പി.ടി.എ. | |

# ഒന്നാം ക്ലാസ്സ്

# വിഷയം: പരിസര പഠനം

**ലക്ഷ്യം**

1 വ്യത്യസ്ത തരം ചെടികളെ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.

2 ജീവനുള്ള വസ്തുക്കളുടെയും ജീവനില്ലാത്ത വസ്തുക്കളുടെയും പ്രത്യേകതകൾ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.

3 നമ്മുടെ ചുറ്റുപാടും കാണുന്ന ജീവികളുടെ പേര് ഓർമ്മിക്കാനും, അവയുടെ സഞ്ചാര രീതീ, അവ ഇരപിടിക്കുന്ന വിധം അവയുടെ ഭക്ഷണം എന്നിവ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക.

4 മഴവരുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിയാനും, ജലസ്രോതസ്സുകൾ തിരിച്ചറിയാനും ജലത്തിന്റെ മൂല്യം തിരിച്ചറിയാനും ഉള്ള ശേഷി കുട്ടികളിൽ വളർത്തു.

**<u>പ്രവർത്തനങ്ങൾ</u>**

1 പ്രകൃതിയിലേക്കു പോകാം: കുട്ടികൾ സ്കൂളിന്റെ ചുറ്റുപാടിലുള്ള സസ്യങ്ങൾ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ പഠിക്കുന്നു.

2 വീട്ടിലുള്ളവ, കാട്ടിലുള്ളവ: വിവിധ മൃഗങ്ങളുടെ ചിത്രങ്ങൾ നൽകി അവയിൽ നിന്ന് വീട്ടിലുള്ളവ കാട്ടിലുള്ളവ പട്ടികപ്പെടുത്തുന്നു.

3. കണ്ടെത്താം എഴുതാം: ചിത്രങ്ങൾ നൽകി സഞ്ചാരീതിക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു.

4. ആഹാര വസ്തുക്കളെ തരംതിരിക്കൽ: വിവിധ തരം ആഹാരവസ്തുക്കളെ പരിചയപ്പെടുത്തുകയും പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുകയും ചെയ്യുന്നു.

5. കൃഷിയെ അറിയാൻ: സ്കൂളിലെ പച്ചക്കറിത്തോട്ടം സന്ദർശിക്കുകയും വ്യത്യസ്തതരം കൃഷിരീതികൾ പരിചയപ്പെടുകയും ചെയ്യുന്നു.

6. ആവാസവ്യവസ്ഥ പരിചയപ്പെടൽ: വിവിധതരത്തിലുള്ള ജീവികളുടെ ആവാസവ്യവസ്ഥകൾ അടങ്ങിയ ചിത്രങ്ങൾ പരിചയപ്പെടുന്നു. ICT ഉപയോഗിച്ച് ജീവികളുടെ ചിത്രങ്ങൾ കാണിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വ്യത്യസ്ത തരം ചെടികളെ തിരിച്ചറിയാനുള്ള ശേഷി കുട്ടികളിൽ വളർത്തുക<br>* ജീവനുള്ള വസ്തുക്കളുടെയും ജീവനില്ലാത്തവസ്തുക്കളുടെയും പ്രത്യേകതകൾ തിരിച്ചറിയാനുള്ള ശേഷികുട്ടികളിൽ വളർത്തുക.<br>* നമുക്ക് ചുറ്റും കാണുന്ന ജീവികളുടെ പേര് ഓർമ്മിക്കാനും അയുടെ സവിശേഷതകൾ കണ്ടെത്താനും കഴിയുക<br>* മഴ വരുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിയാനും ജലസ്രോതസ്സുകൾ തിരിച്ചറിയാനും ജലത്തിന്റെ വ്യത്യസ്ത ആവശ്യങ്ങൾ തിരിച്ചറിയാനും ജലത്തിന്റെ മൂല്യം തിരിച്ചറിയാനും ഉള്ള ശേഷി കുട്ടികളിൽ വളർത്തുക | 1. നിരീക്ഷണം<br>2. ലഘു പരീക്ഷണങ്ങൾ<br>3. ജലജീവികളെ കണ്ടെത്തൽ<br>4. ആഹാര വസ്തുക്കളെ തരംതിരിക്കൽ<br>5. സസ്യങ്ങളെ തരംതിരിക്കൽ<br>6. ജന്തു വൈവിധ്യങ്ങളെ കണ്ടെത്തൽ<br>7. കൃഷിയെ അറിയൽ<br>8. ആവാസ വ്യസ്ഥ പരിചയപ്പെടൽ | ഒരു വർഷം | ക്ലാസ്സ് അധ്യാപകൻ | |

അക്കാദമിക മാസ്റ്റർപ്ലാൻ
Std: 1

മലയാളം
ലക്ഷ്യം : വായന, ലേഖനം
പ്രവർത്തനങ്ങൾ:
ചിത്ര വായന
വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
വായനാ മൂല ഒരുക്കൽ
പത്രവായന
വായന കാർഡ് തയ്യാറാക്കാൻ
ഡയറി എഴുത്ത്
കാലം :ജൂൺ ജൂലൈ
ഡയറി :ജൂൺ മുതൽ മാർച്ച് വരെ
ചുമതല: ക്ലാസ് ടീച്ചർ
സാമ്പത്തികം:

ഗണിതം
ലക്ഷ്യം :സംഖ്യാബോധം
പ്രവർത്തനം
സംഖ്യകളെ തിരിച്ചറിയൽ
സംഖ്യാ കാർഡ് നിർമ്മിക്കൽ( 1 മുതൽ 20) വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
ചുമതല: ടീച്ചർ
കാലം :ജൂൺ ജൂലൈ

പരിസര പഠനം

ലക്ഷ്യം :ചെടികൾ നിരീക്ഷിച്ച പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തി ചെടികൾക്ക് വിവിധ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

പ്രവർത്തനം:
പ്രകൃതി നടത്തം.
ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.
പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. ചെടികൾ വെച്ചുപിടിപ്പിക്കുന്നു (സ്കൂൾ,വീട് )
പൂന്തോട്ടം നിർമ്മിക്കുന്നു.
പൂന്തോട്ടം നിരീക്ഷിച്ച ചെടിയുടെ വിവിധ ഭാഗങ്ങൾ കണ്ടെത്തുന്നു.
കാലയളവ് ജൂൺ ജൂലൈ
ചുമതല ടീച്ചർ

# രണ്ടാം ക്ലാസ്സ്

## ഭാഷ

### ലക്ഷ്യം

1 അർത്ഥപൂർണ്ണമായ വായനയിലേയ്ക്ക് എത്തിക്കൽ

2. എഴുത്തുശേഷി വികസിപ്പിക്കൽ

3. ശ്രവണ-ഭാഷണശേഷി വികസനത്തിന് പ്രാധാന്യം നൽകൽ.

### പ്രവർത്തനങ്ങൾ

1 ലൈബ്രറി, ബാലമാസികകൾ മറ്റ് വായനസാമഗ്രഹികൾ നൽകി വായന നടത്തുന്നു.

2. ക്ലാസ്സിൽ ഡയറിയെഴുത്ത് ശീലമാക്കുന്നു.

3. അസംബ്ലിയിൽ പത്രവായന നടത്തുന്നു.

4. ആഴ്ചയിൽ ഒരു ദിവസം ടീച്ചറും കുട്ടികളും ഒരുമിച്ചിരുന്ന് ലൈബ്രറി പുസ്തകം വായിക്കുന്നു. ഇതിനായി ഓരോ കുട്ടിയുടെയും നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ നൽകുന്നു.

5 പദകാർഡുകൾ നൽകി വാക്യങ്ങൾ നിർമ്മിക്കുന്നു.

6. അക്ഷരങ്ങൾ നൽകി വാക്കുകൾ ഉണ്ടാകുന്നു.

7. ചിത്രങ്ങൾ നൽകുകയും ചിത്രത്തെ അടിസ്ഥാനമാക്കി ലഘുവിവരണം അല്ലെങ്കിൽ ചിത്രവായന നടത്തുന്നു.

8. ചെറിയ വിഷയം നൽകി കഥ, കവിത എന്നിവ രചിക്കുന്നു.

9. ചെറിയ സന്ദർഭങ്ങൾ അവതരിപ്പിക്കുകയും അതിനെ അടിസ്ഥാനമാക്കി സംഭാഷണങ്ങൾ രചിക്കുകയും ചെയ്യുന്നു.

10. ശ്രവണ-ഭാഷണശോഷി വികസനത്തിനുവേണ്ടി ക്ലാസ്സിൽ ഓരോ കുട്ടിയേയും ഉറക്കെ വായിപ്പിക്കുന്നു.

11. ചോദ്യങ്ങൾ, ആശയങ്ങൾ സംശയങ്ങൾ എന്നിവ ക്ലാസ്സിൽ പങ്കുവയ്ക്കുന്നു.

12. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.

13. കുട്ടിക്കവിതകൾ ചൊല്ലി രസിക്കുന്നു.

ഭാഷ

പ്രവർത്തന ലക്ഷ്യം

1സ്വന്തം ഭാഷയിൽ ആശയങ്ങൾ പറയുന്നതിനും എഴുതുന്നതിനും

2.രണ്ടാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായന ഉറപ്പിക്കുന്നതിന്

3.ചിത്രത്തിലെ സംഭാഷണം ലഘു വിവരണം എന്നിവ തയ്യാറാക്കുന്നതിന്

4.ആശയ ഗ്രഹണ വായന ഉറപ്പിക്കുന്നതിന്

.5.ICT സാധ്യത ഉറപ്പാക്കൽ

ജൂൺ

1.ചിത്ര കാർഡുകൾ നൽകൽ

2.ഭാഷണത്തിന് അവസരം ഒരുക്കൽ

3.വായന സാമഗ്രി നിർമ്മാണം

ജൂലൈ

------------

1. ICTസാധ്യത ഉറപ്പിക്കുക

2.വിനാചരണവുമായി ബന്ധപ്പെട്ട്.വായനയുടെയും എഴുത്തിന്റെയും സാധ്യത

3.ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ

ഓഗസ്റ്റ്

------------

1.സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ

2. വീട്ടുലൈബ്രറി ഒരുക്കൽ

3. ചിത്രവിവരണം തയ്യാറാക്കൽ

സെപ്റ്റംബർ

--------------------

1.വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കുക

2.വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരിക്ക

3.വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുക

4. പാട്ടരങ്ങ്/

ഒക്ടോബർ–

-------------------

1.വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ

2.കഥയുടെ ആശയം ചോർന്നു പോകാതെ വായിക്കൽ

നവംബർ

---------------

1.കുട്ടികൾക്ക് സ്വതന്ത്രമായി സർഗാത്മക പ്രവർത്തനങ്ങൾ ഏർപ്പെടാൻ അവസര

2. എന്റെവളരുന്ന പുസ്തകം തയ്യാറാക്കൽ

ഡിസംബർ

------------------

1.ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു

2 ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

3.വ്യക്തിഗത മാഗസീനുകൾ തയ്യാറാക്കുന്ന

4.വ്യവഹാര രൂപങ്ങൾ ലക്ഷ്യമാക്കുന്നതിനുള്ള സാധ്യതകൾ രൂപീകരിക്കുന്നു

ജനുവരി

--------------

1.വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിന്

2. ലഘു വിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനും

3. അറിയിപ്പുകൾ പോസ്റ്ററുകൾ എന്നിവ നിർമ്മിക്കാൻ അവസരം

ഫെബ്രുവരി

------------------

1.എല്ലാം വ്യവഹാര രൂപങ്ങളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പുവരുത്തുക

2.കുട്ടികൾ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് അവസരം ഒരുക്കുക

മാർച്ച്

---------

1.വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

2.ഓരോ കുട്ടിയും മാഗസിൻ തയ്യാറാക്ക

3.നവമാധ്യമങ്ങളിലും പിടിഎ യിലും രചനകൾ അവതരിപ്പിക്കുന്നതിന് അവസരം ഒരിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണമായ വായനയിലേക്ക് എത്തിക്കൽ | ആഭരണമണിയിക്കാം | വെള്ളിയാഴ്ചകളിൽ | ക്ലാസ്സ് അധ്യാപിക | |
| എഴുത്തുശേഷി വികസിപ്പിക്കൽ | ലൈബ്രറി പുസ്തക വിതരണം | | | |
| ശ്രാവണ-ഭാഷണശേഷി വികസനത്തിനും പ്രാധാന്യം | ഡയറി | | | |
| | പത്രവായന | ഒരു വർഷം | | |
| | വാക്യനിർമ്മാണം | | | |
| | ചിത്രം-ലഘുവിവരണം | ” | | |
| | കഥ-കവിതാരചന | | | |
| | സംഭാഷണം ഗോൾ പ്ലേ | ” | | |
| | കുട്ടിക്കവിതകളെഴുതാം | | | |
| | ബാലസഭ | ” | | |

## English

**Aim**

Identifying the letters

Good reading and good writing

Activities

Making word

1. To Make words from letter card.
2. Sentence making

   To make meaningful sentence from word cards
3. English Asembly

   Presenting different programme in the assembly like poem, story, proverbs, Riddles etc.
4. Reading

   Give library book and read themselves in class
5. New words

   Introduce dictionary book and find out the meaning of the word.
6. Use of ICT

   Display the short story, Moral stories, simple poem, picture etc.
7. Conversation

   Writing a conversation individually and present the role play
8. Concept Map

   Preparing a concept map based on the theme
9. Discription

   Writting a description based on the picture
10. Completing the sentences

    Divide the class into two groups prepare incomplete sentence cards.
11. Thoughts

    Writing thoughts related to the content

    A word a day

| Objectives | Activities | Duration | Duty | Source |
|---|---|---|---|---|
| Identifying the letters<br>Good reading and good writing | Making words<br>Sentence making<br>English Assembly<br>Reading<br>New words<br>Use of ICT<br>Conversation<br>Concept Map<br>Description<br>Completing the Sentences<br>Thought | June-March | Class Teacher | |

# രണ്ടാം ക്ലാസ്സ്

## ഗണിതം

### ലക്ഷ്യം

1 ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗ പ്പെടുത്തുന്നു.

2. കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുന്നു.

3. ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

5. ജ്യാമിതീയ രൂപങ്ങളെ ആകൃതിക്കനുസരിച്ച് തരംതിരിക്കുന്നു.

### പ്രവർത്തനങ്ങൾ

1 100 മുതൽ 200 വരെയുള്ള സംഖ്യകളെ പരിചയപ്പെടുകയും സംഖ്യകളുടെ കൂട്ടം തിരിക്കാൻ മഞ്ചാടി മറ്റ് വസ്തുക്കൾ ഉപയോഗിക്കുന്നു.

2. രണ്ടക്ക സംഖ്യകളുടെ സങ്കലന/വ്യവകലന ക്രിയകൾ ഉപയോഗിച്ച് പ്രശ്ന പരി ഹരണം നടത്തുന്നു.

3. സംഖ്യ പാറ്റേൺ തയ്യാറാക്കുന്നു.

4. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പുതിയ രൂപങ്ങൾ ഉണ്ടാക്കുന്നു.

5. ഗണിത ക്ലാസ്സിൽ കളികൾ, പാട്ടുകൾ, കഥകൾ, ചിത്രങ്ങൾ നിർമ്മാണ പ്രവർത്ത നങ്ങൾ, ലഘു പസിലുകൾ തുടങ്ങിയവ ഉപയോഗിക്കുന്നു.

6. ഗണിതകിറ്റ് നിർമ്മാണം

   മഞ്ചാടി, കമ്പ്, സ്ട്രോ, വിവിധ രൂപങ്ങൾ, കളിപ്പാട്ടങ്ങൾ, നാണയങ്ങൾ, നോട്ടു കൾ, സംഖ്യാകാർഡുകൾ, ചിത്രങ്ങൾ, ഗണിത കളികൾക്കുള്ള സാമഗ്രഹികൾ എന്നിവ അടങ്ങിയ ഗണിത കിറ്റ് നിർമ്മാണം നടത്തുന്നു.

7. ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പാട്ടുകൾ ചില കളികൾ ICT യുടെ സഹായത്താൽ കാണിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക. | ഗണിതക്കിറ്റ് | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |
| കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുക | ഐ.സി.റ്റി | | | |
| ഗണിതം ആസ്വദിക്കുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക | കലണ്ടർ നിർമ്മാണം | വർഷാദ്യം | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുക | ഗണിത പോസ്റ്റർ | വർഷാവസാനം | | |
| ജ്യാമതീയ രൂപങ്ങളെ ആകൃതിക്കനുസരിച്ച് തരംതിരിക്കൽ | | | | |

# രണ്ടാം ക്ലാസ്സ്

# പരിസര പഠനം

**ലക്ഷ്യം**

1 ആശയരൂപീകരണത്തോടൊപ്പമുള്ള ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം

2. അനുഭവങ്ങളിലൂടെയുള്ള പഠനം

**പ്രവർത്തനങ്ങൾ**

1 ചുറ്റുപാടുമുള്ള വസ്തുക്കൾ, ജീവജാലങ്ങൾ തിരിച്ചറിയുന്നു.

2. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില പോസ്റ്ററുകൾ നിർമ്മിക്കുന്നു.

3. വസ്തുക്കളെ തരം തിരിക്കുന്നു.

4. ലഘു പരീക്ഷണങ്ങൾ ക്ലാസ്സിൽ നടത്തുന്നു.

5. രോഗങ്ങളുടെ ചിത്രങ്ങൾ അടങ്ങിയ ചാർട്ട് നോക്കി പത്രവാർത്ത ഉണ്ടാക്കുന്നു.

6. പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയെകുറിച്ച് പറയുന്നു.

7. പഠനകിറ്റ് നിർമ്മിക്കുന്നു.

8. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വീഡിയോകൾ ICT സാധ്യത പ്രയോജനപ്പെടുത്തി കാണിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയരൂപീകരണത്തോടൊപ്പമുള്ള ശാസ്ത്ര പ്രക്രിയാശേഷികളുടെ വികാസം | ലഘു പരീക്ഷണങ്ങൾ<br>പോസ്റ്റർ രചന<br>കൃഷിയെ അറിയാൻ<br>സസ്യങ്ങളെ തരംതിരിക്കൽ<br>ജന്തുവൈവിധ്യങ്ങളെ കണ്ടെത്തൽ | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

# മൂന്നാംതരം

## മലയാളം

**ലക്ഷ്യം**

വിവിധ ഭാഷാശേഷികൾ സ്വായത്തമാക്കിക്കൊണ്ട് മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കൽ

**പ്രവർത്തനങ്ങൾ**

ചിത്രവായന

പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ പ്രദർശിപ്പിച്ച് വായനനടത്തുന്നു.

കഥയെഴുതാം

കഥയുടെ ബാക്കിഭാഗം പൂർത്തിയാക്കുന്നു.

വായനക്കുറിപ്പ്

ക്ലാസ്സിൽ നൽകുന്ന ലൈബ്രറി പുസ്തകങ്ങളുടെ വായനക്കുറിപ്പ് തയ്യാറാക്കുന്നു.

വരികൾ കൂട്ടിച്ചേർക്കാം

താളവും ആശയവും ഉൾക്കൊണ്ട് വരികൾ കൂട്ടിച്ചേർക്കുന്നു.

ബാലസഭ

കുട്ടികളുടെ വിവിധ കലാപരിപാടികൾ മാസത്തിലൊരിക്കൽ അവതരിപ്പിക്കുന്നു.

വായനക്കൂട്ടം

ടീച്ചറും കുട്ടികളും ഒരുമിച്ചിരുന്ന് വായിക്കുന്നു.

ഭാഷാ കേളി

കളികളിലൂടെ കഥകേൾക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ഭാഷാശേഷികൾ സ്വായത്തമാക്കിക്കൊണ്ട് മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കൽ | ചിത്രവായന<br>കഥയെഴുതാം<br>വായനക്കുറിപ്പ്<br>വരികൾ കൂട്ടിച്ചേർക്കാം<br>ബാലസഭ<br>വായനക്കൂട്ടം<br>ഭാഷാകേളി | | ക്ലാസ്സ് അധ്യാപകർ | |

# മൂന്നാം ക്ലാസ്സ്

## മലയാളം

**വായന**

ഒന്നാംക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെ ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിക്കും.

കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ മൂന്നാംതരത്തിൽ ലഭ്യമാക്കും. വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് എഴുതൽ. അസംബ്ലിയിൽ അവതരണം ദിവസേന അസംബ്ലി, മൂന്ന് ദിവസം മലയാളം, രണ്ട് ദിവസം ഇംഗ്ലീഷ്.

പുസ്തക പരിചയം- ഓരോ ദിവസവും ഓരോകുട്ടി

**പുസ്തക ചർച്ച**

വായനക്കളരി - ചൊവ്വ, വ്യാഴം ദിവസങ്ങളിൽ കുട്ടികൾ വട്ടത്തിലുന്ന് പുസ്തകങ്ങൾ വായിക്കുന്നു. പിന്നാക്കക്കാർക്ക് അനുയോജ്യമായ തരത്തിലുള്ള ചിത്രപുസ്തകങ്ങൾ വിതരണം ചെയ്ത് വായിക്കുന്നു.

വായന മത്സരം: ഓരോ ക്ലാസ്സിലും ആഴ്ചയിലൊരുദിവസം വായനാമത്സരം നടത്തുന്നു. പത്രം ഓരോ ക്ലാസ്സിലും പ്രസക്ത വാർത്തകൾ അവതരണം - അസംബ്ലിയിൽ വായന- പത്രക്വിസ് ഒരു ആഴ്ചയിലെ വാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. മാസത്തിൽ മെഗാക്വിസ് രക്ഷിതാക്കൾക്ക് ലൈബ്രറി പുസ്തക വിതരണം കുറിപ്പെഴുതൽ കുട്ടികൾക്ക് വീട്ടിലിരുന്ന് വായിക്കാനും വായന കേൾക്കാനുമുള്ള അവസരം നൽകുന്നു.

**ലേഖനം**

ചിത്രക്കാർഡുകൾ നൽകി പദങ്ങളും വാക്യങ്ങളും എഴുതൽ. ഡയറിയെഴുത്ത് അക്ഷരക്കാർഡുകളിൽ നിന്ന് പദങ്ങളും പദക്കാർഡുകളിൽ നിന്ന് വാക്യങ്ങളും രൂപീകരിച്ച് എഴുതൽ

**സ്കൂളിനൊരു പത്രം**

സ്കൂളിലെ ഒരാഴ്ചത്തെ വിശേഷങ്ങളുമായി ആഴ്ചയിലൊരു പത്രം നാല് ഗ്രൂപ്പുകൾ ഓരോ ഗ്രൂപ്പും ആഴ്ചയിൽ പത്രം തയ്യാക്കുന്നു. അസംബ്ലിയിൽ പ്രകാശം

**ഭാഷാ മൂല**

ഓരോ ക്ലാസ്സിലും മലയാള അനുയോജ്യമായ തരത്തിൽ ഭാഷാകാർഡും (അക്ഷരകാർഡ് ചിഹ്നങ്ങൾ പദകാർ, വാക്യകാർഡ്)ചിത്രങ്ങൾ എന്നിവ സജ്ജീകരിക്കുന്നു.

**ഭാഷാ ക്യാമ്പ്**

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിവിധ ഭാഷാ ശേഷികൾ സ്വായത്തമാക്കിക്കൊണ്ട് മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കൽ | മൂന്നാം തരം | വായനകളരി<br>വായന മത്സരം<br>പുസ്തക പരിചയം<br>പുസ്തകചർച്ച വായന പ്രതിഭ<br>ആസ്വാദനക്കുറിപ്പ്<br>വായിക്കൂ-കേൾക്കാം<br>കഥകൾ പാട്ടുകൾ<br>(ഐ.സി.റ്റി)<br>നിഘണ്ടു നിർമ്മാണം<br>സാഹിത്യകാരന്മാരെ പരിചയപ്പെടാം<br>ഭാഷാക്യാമ്പ്<br>പ്രസംഗ പരിശീലനം<br>മാധ്യമ ക്വിസ്<br>ബാലസഭ<br>രചനാമത്സരങ്ങൾ<br>നാടകീകരണം<br>സ്വന്തം പത്രം<br>എല്ലാ ദിവസവും അസംബ്ലി | ഒരു വർഷം<br>തിങ്കൾ, ബുധൻ<br>വെള്ളിമലയാളം | ക്ലാസ്സ് അധ്യാപകർ | 1500/- |

# English III STD

**Objectives**

1. To increase the ability of children in doing language games
2 To increase the communication skill

Activities

1. Word game starting new words with the last letter of given word
2. Jumbled letters

   Arranging the letters in a word in correct order
3. Day celebrations

   Celebrates the important days.
4. English assembly Conducting English assembly
5. E-reading Reads with the help of ICT
6. Skit
7. Roleplay
8. Reading competition
9. Movies Chance to watch animation movies
10. English fest

English

AIM-
.To speak, Read & write English without any mistakes
Time:- June to march.
To check the vocabulary and writing skills of pupils.

**June and July**
*Pre test*
To develop listening skills and reading skills.
Listening skills:
Games, Action songs.
- Hello English Activities
- conversations
- skit stories
- use ICT

speaking skills:-
Identify the naming words from the picture
- Identify the action words from the picture.

Make the simple sentences using the word about picture
Make simple description about the picture
-Growing sentences, . picture reading, self introductions

**August and september**
- Develop the creative speaking and writing

Reading skills
Books reading
Find words
Collect and read past tense
Rhyming words
TB Activities
Writing Skills
make word web
picture description
Word chain
Make words & Sentencess
Make riddles, conversations
Add more lines.

***October and November ~***
To express thoughts, feelings etc....
*Reading skills*
-Library book reading
- Conversations, skit, Stories, use ICT

Read notice
Develop story
Writing Skills
- Description
- Thoughts

• **December and January.**
Develop the creative speaking and writing.
Reading skills
- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

Writing Skills
Dairy
Announcement

• February and march

To improve the presentation power.
*Reading Skills*
Library books reading
Conversations, skit Stories
Develop story.
Writing Skills:
- Dairy
- Descriptions
- Thoughts
- Exibition.

| Objectives | Activities | Duration | Duty | Source |
|---|---|---|---|---|
| To increase the ability of children in doing language games<br><br>To increse the communication skill | Word game<br>Jumbled letters<br>Day celebrations<br>English Assembly<br>E-readng<br>Skit<br>Roleplay<br>Reading competiton<br>Movies<br>English | June-March | English Teacher<br>"<br>"<br>"<br>" | |

# ഗണിതം

**ലക്ഷ്യം**

1. കുട്ടികളിൽ സംഖ്യബോധം വളർത്തുന്നു.
2. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
3. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു.
4. വസ്തുക്കളുടെ നീളം, ഭാരം, മുറികളുടെ നീളം പാത്രങ്ങളുടെ ഉള്ളളവ് മുതലായവ കാണാനുള്ള ശേഷി കുട്ടികൾ വളർത്തുന്നു.

പ്രവർത്തനങ്ങൾ

1. സംഖ്യകളിലൂടെ

   സംഖ്യകൾ എഴുതിയകാർഡുകൾ ഉപയോഗിച്ച് സകല, വ്യവകലന ക്രിയകൾചെയ്യുന്നു.

2. രൂപങ്ങൾ

   ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ തരം രൂപങ്ങൾ ഉണ്ടാക്കുന്നു.

3. അളക്കാം തൂക്കാം

   വിവിധ വസ്തുക്കൾ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. ആ വസ്തുക്കളുടെ തൂക്കവും അളവും കുട്ടികൾ തത്സമയം കണ്ടെത്തുന്നു.

4. ഗണിത കിറ്റ്
5. ഗണിത കേളി
6. ICT സാധ്യത ഉപയോഗപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സംഖ്യാബോധം വളർത്തുക<br>ചതുഷ്ക്രിയകൾ ഉറപ്പിക്കുക<br>ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുക.<br>വസ്തുക്കളുടെ നീളം, ഭാരം, മുറികളുടെ നീളം പാത്രങ്ങളുടെ ഉള്ളളവ് മുതലായവ കാണാനുള്ള ശേഷി കുട്ടികളിൽ വളർത്തുക. | സംഖ്യകളിലൂടെ<br>രൂപങ്ങൾ<br>അളക്കാം തൂക്കാം<br>ഗണിത കിറ്റ്<br>ഗണിത കേളി<br>ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

# മൂന്നാം ക്ലാസ്സ്

## ശാസ്ത്രം പരിസര പഠനം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രീയ മനോഭാവമുള്ളവരാക്കിമാറ്റും
2. ശാസ്ത്രത്തോട് ആഭിമുഖ്യമുള്ളവരാക്കിമാറ്റും
3. ശാസ്ത്രം പ്രവർത്തനത്തിൽ അധിഷ്ഠിതമാക്കും

പ്രവർത്തനങ്ങൾ

1. പരീക്ഷണമൂല

   നാലാം തരത്തിന്റെ നിലവാരമനുസരിച്ചുള്ള പരീക്ഷമൂലതയ്യാറാക്കും

2. ശാസ്ത്രദിനാചരണങ്ങൾ: ശാസ്ത്രദിനാചരണങ്ങളും പ്രത്യേകതകളും ചർച്ച ചെയ്യും. ദിനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തും
3. ശാസ്ത്രക്ലബ്ബ്
4. ശാസ്ത്ര പുസ്തകങ്ങൾ തിരഞ്ഞെടുക്കലും വായനയും
5. ശാസ്ത്രസംബന്ധിയായ മത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടുന്നതിനാവശ്യമായ പരിശീലനം നൽകും.
6. ഫീൽഡ് ട്രിപ്പ് നടത്തൽ
7. ശാസ്ത്രരംഗത്തെ നൂതന പുരോഗതികൾ അപ്പപ്പോൾ കുട്ടികളിൽ എത്തിക്കും
8. ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, കണ്ടുപിടുത്തങ്ങൾ സംഭാവനകൾ ഇവ ശേഖരിക്കലും പതിപ്പു തയ്യാറാക്കലും
9. ശാസ്ത്രമേഖലകളിൽ പങ്കെടുത്ത് വിജയം വരിക്കാനുള്ള പരിശീലനം നൽകും.
10. ശാസ്ത്രവുമായി ബന്ധപ്പെട്ടക്യാമ്പുകൾ നടത്തും.
11. ICT സാധ്യത ഉപയോഗിച്ച് ശാസ്ത്രത്തിൽ അറിവ് നേടാനുള്ള സാഹചര്യം ഒരുക്കം
12. ശാസ്ത്രക്വിസ്
13. കൃഷിയെ അറിയാൻ

    സമീപ പ്രദേശങ്ങളിലെ കർഷകരുമായി അഭിമുഖം, കൃഷിയിടം സന്ദർശിക്കൽ ഇതിനുള്ള സാഹചര്യം ഒരുക്കും.

14 .പുഴയെ അറിയാൻ

പുഴയെ നേരിട്ട് നിരീക്ഷണത്തിലൂടെ കണ്ട് മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമനോഭാവമുള്ളവരാക്കി മാറ്റും<br>ശാസ്ത്രത്തോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റും<br>ശാസ്ത്ര പ്രവർത്തനങ്ങളിൽ അധിഷ്ഠിതമാക്കും | പരീക്ഷണ മൂല<br>ശാസ്ത്രദിനാചരണങ്ങൾ<br>ശാസ്ത്രക്ലബ്ബ്<br>ഫീൽഡ് ട്രിപ്പ്<br>ശാസ്ത്രക്യാമ്പ്<br>കൃഷിഅറിയാൻ<br>പുഴയെ അറിയാൻ | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

# ക്ലാസ്സ് നാലാംതരം

## മലയാളം

**ലക്ഷ്യം**

ഭാഷയുടെ ഉയർന്ന തലത്തിൽ വിനിമയശേഷിയും സർഗാത്മകതും പ്രയോഗശേഷിയും വികസിപ്പിക്കാനുള്ള അവസരം ഒരുക്കും. ഇതിലൂടെ നാലാം തരത്തിലെയും മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരനും മികച്ച എഴുത്തുകാരനുമാക്കി മാറ്റും

**പ്രവർത്തനങ്ങൾ**

വായനക്കളരി

ഓരോ കുട്ടിയും  അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറിയിൽ നിന്നും തിരഞ്ഞെടുത്ത് ഉച്ചസമയത്ത് വായിക്കുന്നു. (ചൊവ്വ, വ്യാഴം ദിവസങ്ങളിൽ)

വായന മത്സരം

ആഴ്ചയിൽ ഒരു ദിവസം വായനമത്സരം സംഘടിപ്പിക്കുന്നു. തെറ്റില്ലാതെ, ഒഴുക്കോടെ ഭാവത്തോടെ വായിക്കുന്നവർക്ക് സമ്മാനം നൽകൽ (വെള്ളിയാഴ്ച)

ഞാൻ വായിച്ച പുസ്തകം

കുട്ടി വായിച്ച പുസ്തകത്തിന്റെ പേര്, രചയിതാവ്, ഉള്ളടക്കം എന്നിവ ഉൾപ്പെടുത്തി പുസ്തക പരിചയം നടത്തുന്നു (അസംബ്ലിയിൽ) അമ്മവായന രക്ഷിതാക്കൾക്കും ലൈബ്രറിപുസ്തകം വിതരണം ചെയ്യുന്നു.

പുസ്തക ചർച്ച

രക്ഷിതാക്കളും കുട്ടികളും അധ്യാപകരും ചേർന്ന് മാസത്തിലൊരു ദിവസം പുസ്തകചർച്ച നടത്തുന്നു. പുസ്തകങ്ങൾ, എഴുത്തുകാർ എന്നിവ പരിചയപ്പെടുത്തൽ.

വായനപ്രതിഭ:

ഒരു അധ്യയനവർഷം കഴിയുമ്പോഴേക്കും ഓരോ ക്ലാസ്സിൽ നിന്നും ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച വായന പ്രതിഭയെ കണ്ടെത്തി സമ്മാനം നൽകുന്നു. ആസ്വാദനക്കുറിപ്പ്, വായനകുറിപ്പ്

കഥയുടെയും കവിതയുടെയും ആസ്വാദനക്കുറിപ്പും വായനകുറിപ്പും എഴുതുന്നു. പുസ്തകരൂപത്തിലാക്കുന്നു.

വായിക്കൂ...കേൾക്കാം

വായന റെക്കോർഡ് ചെയ്യുന്നു. രക്ഷിതാക്കൾക്കടക്കം വായിക്കുന്നത് കേൾക്കാനുള്ള അവസരം സാധ്യമാക്കുന്നു.  പിഴവുകൾ കണ്ടെത്തി പരിഹരിക്കുന്നു.

കഥകൾ, പാട്ടുകൾ

ICT സഹായത്തോടെ വിവിധ ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥകളും കവിതകളും കേൾപ്പിക്കുന്നു.

നിഘണ്ടു നിർമ്മിക്കാം

പദസമ്പത്ത് വികസിപ്പിക്കുന്നതിന്റെ ഭാഗമായി പരിചിതമായ പദങ്ങളും അർത്ഥങ്ങളും ഉൾക്കൊള്ളുന്ന നിഘണ്ടു നിർമ്മാണം.

സാഹിത്യകാരന്മാരെ പരിചയപ്പെടാം.

പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ പേരുകൾ ലിസ്റ്റ് ചെയ്യുന്നു. ഫോട്ടോ, ജീവിതരേഖ അടക്കം പുസ്തകമാക്കൽ, പ്രകാശനം ചെയ്യൽ.

ഭാഷാ ക്യാമ്പ്

ഭാഷാ ശേഷീ വികാസത്തിനായി ഭാഷാ ക്യാമ്പ് സംഘടിപ്പിക്കുന്നു.

പ്രസംഗപരിശീലനം

പ്രസംഗപരിശീലനത്തിനായി വിദഗ്ധരെ കൊണ്ടുവരുന്നു. മികച്ച പ്രാസംഗികരാക്കി മാറ്റി കലാമേളകളിൽ വിജയംവരിക്കാൻ പ്രാപ്തരാക്കുന്നു.

മാധ്യമ ക്വിസ്

ഒരാഴ്ച പത്രങ്ങളിൽ വരുന്ന പ്രധാനസംഭവങ്ങളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്വിസ് മത്സരം നടത്തുന്നു. കൂടുതൽ പോയിന്റ് നേടിയവർക്ക് സമ്മാനം നൽകുന്നു.

ബാലസഭ

വായിച്ചറിഞ്ഞ രചനകൾ ബാലസഭയിൽ അവതരിപ്പിക്കുന്നു. (കഥ, കവിത,നാടകം നൃത്താവിഷ്കാരം, അഭിനയം)

മത്സരങ്ങൾ

കഥ, കവിതാരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ചിത്രം കഥയാക്കി മാറ്റൽ, കഥയുടെ ബാക്കിഭാഗം പൂർത്തികരണം, ചിത്രത്തിൽ നിന്ന് കവിതാരചന, കവിതാപൂരണം എന്നിവ തയ്യാറാക്കൽ

നാടകം

പാഠഭാഗം, വായിച്ച കഥാഭാഗം എന്നിവയെ അടിസ്ഥാനാക്കി നാടകത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കൽ, അഭിനേതാക്കളെ കണ്ടെത്തൽ, റിഹഴ്സൽ, നാടകാവതരണം.

സ്വന്തം പത്രം

സ്കൂൾ തല പ്രവർത്തനങ്ങൽ, ക്ലാസ് തല പ്രവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ച് വാർത്തകളും ചിത്രങ്ങളും അടങ്ങിയ പത്രം പ്രസിദ്ധീകരിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ ഉയർന്നതലത്തിൽ വിനിമയ ശേഷിയും സർഗാത്മകതയും പ്രയോഗശേഷിയും വികസിപ്പിക്കാനുള്ള അവസരം ഒരുക്കും<br>മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കും | വായനക്കളരി<br>വായന മത്സരം | ചൊവ്വ, വ്യാഴം അക്കാദമിക വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| | ഞാൻ വായിച്ച പുസ്തകം | " | | |
| | പുസ്തകചർച്ച | മാസത്തിലൊന്ന് | | |
| | ആസ്വാദനക്കുറിപ്പ് | അക്കാദമിക വർഷം മുഴുവൻ | | |
| | വായനക്കുറിപ്പ് | | | |
| | വായിക്കൂ.. കേൾക്കാം | " | | |
| | കഥകൾ, പാട്ടുകൾ | " | | |
| | നിഘണ്ടു നിർമ്മിക്കാം | മാർച്ച് | | |
| | സാഹിത്യകാരന്മാരെ പരിചയപ്പെടാം | | | |
| | ഭാഷാക്യാമ്പ് | ഒക്ടോബർ | അതിഥി അധ്യാപകർ | |
| | പ്രസംഗ പരിശീലനം | ഡിസംബർ | അതിഥി അധ്യാപകർ | |
| | മാധ്യമക്വിസ് | മാസത്തിൽ ഒന്ന് | പി.ടി.എ. | |
| | ബാലസഭ | മാസത്തിൽ ഒന്ന് | | |
| | മത്സരങ്ങൾ | " | | |
| | നാടകം | " | | |
| | മാഗസിൻ | " | | |
| | സ്വന്തം പത്രം | " | | |

# English IV STD

**Objectives**

1. Enable chidren to handle English without any mistakes (Reading, writing, communication)
2. Participate in language games to attain interest in language

Activities

1. Library Book Reading

   Give maximum chances for the children to select and read English books
2. Reading competition

   In every friday reading competition prize to the winner
3. English assembly

   Conduct assembly presentation of Rhymes, Stories, Poems, Book review, Diary, General Knowledge, Riddles
4. Skit Presentationof skit related to lesson
5. Communicative English class

   Conduct classes for children.
6. English Dictionary New words,meaning, pictures-preparation of an English dictionary
7. English camp. Conduct camp to improve language
8. English Club: Formation of English Club
9. Competitions: Poem recitation,story telling, poem writing, story writing
10. Choreography development of script of the choreograpy presentation
11. Games: Word games, sentence games
12. English Fest: Give them chances to present skit choreography, rhyme, poem, stories
13. Magazine preparation of class magazine

| Objectives | Activities | Duration | Duty | Source |
|---|---|---|---|---|
| Enable children to handle English with out any mistakes | Library Book reading | Once in a week | English Teacher | |
| | Reading competition | Weekly | | |
| | English assembly skit | Two days in a week | " | |
| Participate in language games to attain interest in English | Communicative | Once in a term | | |
| | English Class | | " | |
| | English dictionary | | | |
| | English Camp | Twotimes in an | BRC | |
| | English Club | Academic year | | |
| | Competitions | | | |
| | Choreograpphy | | SMC | |
| | Games | | | |
| | English fest | Monthly | | |
| | Magazine | | | |

# നാലാം ക്ലാസ്സ്

## ഗണിതം

**ലക്ഷ്യം**

1. ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കും
2. സമയം, അളവുകൾ, ഭിന്നസംഖ്യ, ജ്യാമിതീയരൂപങ്ങൾ ഇവയെക്കുറിച്ചുള്ള അറിവ് എല്ലാവർക്കും ഉണ്ടാക്കും.
3. ഗണിത താല്പര്യം എല്ലാവരിലും ഉണ്ടാക്കും.

**പ്രവർത്തനങ്ങൾ**

1. ഗണിതകേളികൾ കളികളിലൂടെ ഗണിതപഠനം സാധ്യമാക്കും.

a) കാർഡുകളി: സംഖ്യകൾ എഴുതിയ കാർഡ് സങ്കലന, വ്യവകലന ഗുണന ഹരണ ക്രിയകൾ ഉത്തരം കണ്ടെത്തുന്നു.

b) കച്ചവടം: കച്ചവട സാധനങ്ങൾ - വാങ്ങൽ, പണം നൽകൽ, ബാക്കി കൊടുക്കൽ ആകെയെത്ര കണ്ടെത്തൽ

c) വണ്ടികളി: സംഖ്യ നൽകൽ- ക്രമമനുസരിച്ച് നിൽക്കൽ- വലുത്, ചെറുത് കണ്ടെത്തൽ

2. ഗണിത ക്യാമ്പ്, ഗണിതോപകരണ നിർമ്മാണം
3. ഗണിത ലാബ് പ്രവർത്തനങ്ങൾക്കാവശ്യമായ ഗണിതോപകരണങ്ങൾ രൂപങ്ങളുടെ മാതൃക, കളിനോട്ടുകൾ, ഈർക്കിൽ കെട്ടുകൾ തുടങ്ങിയവ സജ്ജീകരിച്ച് വെയ്ക്കും.
4. ഗണിത ക്വിസ്: മാസത്തിലൊരു തവണ ഗണിത ക്വിസ് നടത്തുന്നു. മത്സരത്തിൽ പങ്കെടുത്ത് വിജയിക്കാനുള്ള പരിശീലനം നൽകുന്നു.
5. ഗണിത മാഗസിൻ
6. ഗണിത നിഘണ്ടു ഗണിതപദങ്ങളും നിർവചനവും എല്ലാം എഴുതി ചിത്രസഹിതം നിഘണ്ടു തയ്യാറാക്കുന്നു.
7. ഗണിതശില്പശാല: ജ്യാമിതീയ രൂപങ്ങൾ, വാച്ച് ക്ലോക്ക് ഇവയുടെ നിർമ്മാണം.
8. ഗണിതച്ചാർട്ട്: ഭിന്നസംഖ്യകൾ, സമയം, ജ്യാമിതീയ ചിത്രങ്ങൾ, പസിലുകൾ എന്നിവയുടെ നിർമ്മാണം.
9. കലണ്ടർ നിർമ്മാണം

   ദിവസം, മാസം, വർഷം ഇവയും സംഖ്യകളും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കും | ഗണിതകേളികൾ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000/- |
| | കാർഡുകളി | ” | ” | |
| | കച്ചവടം | ” | ” | |
| | ഗണിതക്യാമ്പ് | നവംബർ | അതിഥി അധ്യാപകർ | |
| സമയം, അളവുകൾ, ഭിന്നസംഖ്യ ജ്യാമിതീയ രൂപങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് എല്ലാവരിലും ഉണ്ടാകും. | ഗണിത ലാബ് | ജൂൺ | | |
| | ഗണിത ക്വിസ് | | ക്ലാസ്സ് ടീച്ചർ | |
| | ഗണിത മാഗസിൻ | | ” | |
| | ഗണിത നിഘണ്ടു | മാർച്ച് | ” | 1500/- |
| എല്ലാവരിലും ഗണിത താല്പര്യം ഉണ്ടാക്കും | ഗണിത ശില്പശാല | ” | ” | |
| | ഗണിതച്ചാർട്ട് | ഡിസംബർ | പി.ടി.എ. | 1500/- |
| | കലണ്ടർ നിർമ്മാണം | | | |

# നാലാം ക്ലാസ്സ്

## പരിസര പഠനം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രീയ മനോഭാവമുള്ളവരാക്കി മാറ്റും.
2. ശാസ്ത്രത്തോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റും
3. ശാസ്ത്രം പ്രവർത്തനത്തിൽ അധിഷ്ഠിതമാക്കും.

**പ്രവർത്തനങ്ങൾ**

1 പരീക്ഷണമൂല: നാലാംതരനിലവാരമനുസരിച്ചുള്ള പരീക്ഷണ മൂല തയ്യാറാക്കും. പരീക്ഷണ സാമഗ്രികൾ ലഭ്യമാക്കും.
2. ശാസ്ത്രദിനാചരണങ്ങൾ: ശാസ്ത്രദിനാചരണങ്ങളും പ്രത്യേകതളും ചർച്ച ചെയ്യും. ദിനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തും.
3. ശാസ്ത്രക്ലബ്ബ്
4. ശാസ്ത്ര പുസ്തകങ്ങൾ തെരഞ്ഞെടുക്കലും വായനയും
5. ശാസ്ത്രസംബന്ധിയായ മത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടുന്നതിനാവശ്യമായ പരിശീലനം നൽകും.
6. ഫീൽഡ് ട്രിപ്പ് നടത്തൽ
7. ശാസ്ത്ര രംഗത്തെ നൂതന പുരോഗതികൾ അപ്പപ്പോൾ കുട്ടികളിൽ എത്തിക്കും.
8. ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, കണ്ടുപിടുത്തങ്ങൾ, സംഭാവനകൾ ഇവ ശേഖരിക്കലും പതിപ്പ് തയ്യാറാക്കലും
9. ശാസ്ത്രമേളകളിൽ പങ്കെടുത്ത് വിജയം വരിക്കാനുള്ള പരിശീലനം നൽകും.
10. ശാസ്ത്രവുമായി ബന്ധപ്പെട്ട ക്യാമ്പുകൾ നടത്തും
11. ICT സാധ്യത ഉപയോഗിച്ച് ശാസ്ത്രത്തിൽ അറിവ് നേടാനുള്ള സാഹചര്യം ഒരുക്കും.
12. ശാസ്ത്രക്വിസ്

**കൃഷിയെ അടുത്തറിയാൻ**

വിവിധതരം കൃഷികളെക്കുറിച്ച് അറിയാനും കൃഷിയോട് ആഭിമുഖ്യമുള്ളവരാക്കിമാറ്റുവാനും കഴിയുന്നു.

**സസ്യങ്ങളെ തരംതിരിക്കൽ**

സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കുന്നു.

**ആവാസവ്യവസ്ഥ പരിചയപ്പെടുത്തൽ**

ജീവജാലങ്ങളുടെ ആവാസവ്യവസ്ഥപരിചയപ്പെടാൻ ചുറ്റുപാടും നിരീക്ഷിണത്തിലേർപ്പെടുന്നു.

**ജലാശയങ്ങളെ അറിയാം**

**എന്റെ രാജ്യം:** ഭൂപട വയനയിലൂടെയും വിവരശേഖരണത്തിലൂടെയും ഇന്ത്യയെക്കുറിച്ചുള്ള പ്രാഥമിക ധാരണ രൂപപ്പെടുത്തുന്നു.

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്രീയ മനോഭാവമുള്ളവരാക്കി മാറ്റും. ശാസ്ത്രാഭിമുഖ്യമുള്ളവരാക്കി മാറ്റും<br>പ്രവർത്തനാധിഷ്ഠിതമാക്കും | നാലാം തരം<br>പരിസരപഠനം | 1. പരീക്ഷണ മൂല<br>2. ശാസ്ത്രദിനാചരണങ്ങൾ<br>3. ശാസ്ത്രക്ലബ്ബ്<br>4. ഫീൽഡ് ട്രിപ്പ്<br>5. ശാസ്ത്രജ്ഞരെ അറിയാൻ<br>6. ശാസ്ത്രമേളയിലെ പങ്കാളിത്തം<br>7. കൃഷിയെ അറിയൽ<br>8. ആവാസ വ്യവസ്ഥപരിചയപ്പെടൽ<br>9. ശാസ്ത്രക്വിസ്<br>10. ശാസ്ത്ര പുസ്തക വായന<br>11. മണ്ണ് നിരീക്ഷണം<br>12. എന്റെ രാജ്യം | ഒരു വർഷം | ക്ലാസ്സ് അധ്യാപകർ<br>എസ്.എം.സി.<br>ക്ലാസ്സ് പി.റ്റി.എ. | 2000/- |

## ബാല (Building as a Learning Aid)

**ലക്ഷ്യങ്ങൾ**

1. എല്ലാകുട്ടികളെയും പഠനമികവിലേക്കുയർത്താൻ, ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തൽ.
2. എല്ലാ ക്ലാസ്സിലെയും പഠനപ്രവർത്തനം ലിസ്റ്റ് ചെയ്ത് ചിത്രസാധ്യത ബന്ധിപ്പിക്കൽ
3. ആശയാത്മക ചിത്രീകരണം വിദ്യാലയചുമരുകളിൽ
4. കുട്ടിയുടെ പഠനം അകം ചുവരുകളിൽ നിന്ന് പുറംലോകത്തേക്ക്
5. പൊതുസമൂഹത്തെ വിദ്യാലയത്തോട് അടുപ്പിക്കൽ

**പ്രവർത്തനങ്ങൾ**

1. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ പഠനനേട്ടങ്ങൾ സൂക്ഷ്മമായി പരിഗണിച്ച് ചിത്രങ്ങൾ തീർച്ചപ്പെടുത്തൽ.
2. സേവനതത്പരരായ ചിത്രകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്താൻ, എസ്.എം.സിയിൽ ധാരണയാവൽ.
3. ഏത് ക്ലാസ്സിനും ഏത് വിഷയത്തിനുംപഠന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ചിത്ര സാധ്യകൾ പ്രയോജനപ്പെടുത്തി വിദ്യാലയ ചുമരുകളിൽ ആശയാത്മക ചിത്രീകരണം നടത്തൽ | 1 മുതൽ 4 വരെ | ചിത്രങ്ങൾ തീർച്ചപ്പെടുത്തൽ<br>ചിത്രകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ<br>സംഭാഷണം<br>ചിത്രരചന<br>കഥാരചന<br>കവിതാരചന | ഒരു വർഷം | അധ്യാപകർ<br>SMC<br>പഞ്ചായത്ത്<br>SSG<br>BRC | 50000/- |

# കലാകായിക പ്രവൃത്തി പരിചയം

**ലക്ഷ്യം**

കലാപരമായും കായികപരമായും ഉള്ള അഭിരുചികൾ കണ്ടെത്തി വികസിപ്പിക്കലും മത്സരയിനങ്ങളിൽ പങ്കെടുപ്പിച്ച് വിജയംവരിക്കലും

നിർമ്മാണ പരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

1. **ചിത്രരചനാമത്സരം**

   നിശ്ചിത വിഷയുമായി ബന്ധപ്പെട്ട് ചിത്രരചനാമത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.

2. **പ്രദർശനം**

   കുട്ടികൾ വരച്ചചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാനവസരം നൽകുന്നു.

3. **ചിത്രരചനാക്യാമ്പ്:** അതിഥി അധ്യാപകരെ ഉൾപ്പെടുത്തി ചിത്രരചനാക്യാമ്പ് നടത്തുന്നു.

4. **ചിത്രകാരന്മാരെ പരിചയപ്പെടൽ**

   ലോക പ്രശസ്ത ചിത്രകാരന്മാരുടെ ജീവചരിത്രം ചിത്രങ്ങൾ എന്നിവ ICT സഹായതത്തോടെ കാണിച്ചുകൊടുക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു.

5. **ബാലസഭ:** മാസത്തിലൊരു ദിവസം കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു.

6. **കലാമേള:** സ്കൂൾ, ഉപജില്ലാ കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

7. **പരിശീലനം:** കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി ഒഴിവുസമയങ്ങളിൽ പരിശീലനം നൽകുന്നു.

9\. **യോഗ:** ആഴ്ചയിലൊരിക്കൽ യോഗാ പരിശീലനം നടത്തുന്നു.

9\. **കായികാധ്യാപകരുടെ സേവനം**

   സമീപ വിദ്യാലയങ്ങളിലെ കായികധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നു.

10\. **കായിക മേള:** സ്കൂൾ കായിക മേള സംഘടിപ്പിക്കുന്നു.

11\. **പ്രവൃത്തി പരിചയമേള:**

   ഒറിഗാമി, പാഴ്വസ്തുക്കൾ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കൽ, വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രത്തുന്നൽ എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നു.

| ലക്ഷ്യം | ടാർജറ്റ് വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കലാപരമായും കായികപരമായും ഉള്ള അഭിരുചികൾ കണ്ടെത്തി വികസിപ്പിക്കലും മത്സരയിനങ്ങളിൽ പങ്കെടുപ്പിച്ച് വിജയം വരിക്കലും<br><br>നിർമ്മാണപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കൽ | കലാകായികം<br><br>പ്രവൃത്തി പരിചയം | 1. ചിത്രരചനാ മത്സരം<br>നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചനാ മത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.<br>2. പ്രദർനം<br>കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാനവസരം നൽകുന്നു.<br>3. ചിത്രരചനാ ക്യാമ്പ്:<br>അതിഥി അധ്യാപകരെ ഉൾപ്പെടുത്തി ചിത്രരചനാ ക്യാമ്പ് നടത്തുന്നു.<br>4. ചിത്രകാരന്മാരെ പരിചയപ്പെടൽ<br>ലോക പ്രശസ്ത ചിത്രകാരന്മാരുടെ ജീവചരിത്രം ചിത്രങ്ങൾ എന്നിവ സഹായത്തോടെ കാണിച്ചുകൊടുക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു.<br>5. ബാലസഭ<br>മാസത്തിലൊരു ദിവസം കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു. | | | 2000/- |

| ലക്ഷ്യം | ടാർജറ്റ് വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| | | 6. കലാമേള<br>സ്കൂൾ, ഉപജില്ല കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.<br>7. പരിശീലനം<br>കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി ഒഴിവുസമയങ്ങളിൽ പരിശീലനം നൽകുന്നു.<br>8.യോഗ ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം നടത്തുന്നു.<br>9.കായിക അധ്യാപകരുടെ സേവനം<br>സമീപ വിദ്യാലയങ്ങളിലെ കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നു.<br>10. കായികമേള: സ്കൂൾ കായികമേള സംഘടിപ്പിക്കുന്നു.<br>11. പ്രവൃത്തി പരിചയമേള<br>ഒറിഗാമി, പാഴ്വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കൽ, വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രത്തുന്നൽ എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നു. | ഒരു വർഷം<br>ഒരു വർഷം | | 2000/- |

# ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും

**ലക്ഷ്യങ്ങൾ**

എൽ.പി. ക്ലാസ്സിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്റൂം മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തൽ.

**പ്രവർത്തനങ്ങൾ**

1. ഓരോ വിഷയുമായി എങ്ങനെയെല്ലാം ഐ.സി.ടി. പ്രയോജനപ്പെടുത്താമെന്ന് കണ്ടെത്തൽ.
2. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ, ചിത്രങ്ങൾ, പാട്ടുകൾ, കഥകൾ തുടങ്ങിയവ കണ്ടെത്തി ഡൗൺലോഡ് ചെയ്ത് തരംതിരിച്ച് പെൻഡ്രൈവിൽ സൂക്ഷിക്കുന്നു. ഓരോ പഠനത്തിനും അനുയോജ്യമായ സന്ദർഭത്തിൽ ഉപയോഗിക്കുന്നു.
3. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് ഇടവേളകളിൽ ഇംഗ്ലീഷ് സംബന്ധിയായ വീഡിയോയുടെ പ്രദർശനവും അതിനെ അടിസ്ഥാനമാക്കി ഇന്ററാക്ഷൻ നടത്തുകയും ചെയ്യുന്നു. കുട്ടികളുടെ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ വികസിപ്പിക്കുന്നു.

| ലക്ഷ്യം | ടാർജറ്റ് വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഐ.സി.റ്റി. അധിഷ്ഠിത ക്ലാസ്സ് റൂം മാതൃകകൾ സൃഷ്ടിച്ചു കൊണ്ട് അക്കാദമിക നിലവാരം ഉയർത്തൽ | 1-4 വരെ ICT പഠനം | 1. വിഷയവുമായി ബന്ധപ്പെടുത്തി ICT കണ്ടെത്തൽ<br>2. കവിത, ചിത്രം, വീഡിയോ ഡൗൺലോഡ് ചെയ്യൽ<br>3. അനുയോജ്യ സന്ദർഭത്തിൽ ഉപയോഗം<br>4. വെള്ളിയാഴ്ചകളിൽ ഇംഗ്ലീഷ് വീഡിയോ പ്രദർശനം ഇന്ററാക്ഷൻ | മെയ്<br>മെയ്<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ | 1500/- |

**ലക്ഷ്യം**

പൊതുപരീക്ഷയായ എൽ.എസ്.എസിലും മറ്റ് പരീക്ഷകളിലും വിജയം കൈവ രിക്കാൻ കുട്ടികളെ പ്രാപ്തരാക്കും

**പ്രവർത്തനങ്ങൾ**

1. **പരീക്ഷക്കൊരുങ്ങാം**

ടേം പരീക്ഷകളിൽ നാലാംതരത്തിലെ മുഴുവൻ കുട്ടികൾക്കും എ ഗ്രേഡ് നേടാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

2. **ദിനാചരണക്വിസ്**

ചാന്ദ്രദിനം, ഗാന്ധിജയന്തി, സ്വാതന്ത്ര്യദിനം, ശാസ്ത്രദിനം തുടങ്ങിയ ദിനങ്ങ ളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം നടത്തുന്നു. ഒന്നും രണ്ടും സ്ഥാനം നേടിയ വരെ പഞ്ചായത്ത്, ഉപജില്ലാമത്സരങ്ങളിൽ വിജയിക്കാൻ പരിശീലനം നൽകും.

3. **പരിശീലനക്ലാസ്സ്**

എൽ.എസ്.എസ്. പരിശീലനം ചെറിയ ക്ലാസ്സിൽ നിന്നുതന്നെ തുടങ്ങും. ഓരോ ക്ലാസ്സിലെയും പഠനനേട്ടങ്ങൾക്കനുസൃതമായി അധിക പ്രവർത്തനങ്ങൾ നൽകും.

4. **ചോദ്യമാതൃകകൾ:** മാതൃകാപരീക്ഷകൾ മുൻ വർഷങ്ങളിലെ എൽ.എസ്.എ സ്. ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്തെടുത്ത് മാതൃകാ പരീക്ഷകൾ നട ത്തും.

5. **രക്ഷിതാവ് അറിയാൻ**

എൽ.എസ്.എസ്. പരീക്ഷ എഴുതുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകും. മാതൃതാ ചോദ്യനിർമ്മാണത്തിന് പരിശീലനം നൽകും.

| ലക്ഷ്യം | ടാർജറ്റ് വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പൊതു പരീക്ഷയായ എൽ.എസ്.എസിലും മറ്റ് പരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും | | 1. പരീക്ഷക്കൊരുങ്ങാം<br>2. ദിനാചരണക്വിസ്<br>3. പരിശീലന ക്വിസ്<br>4. ചോദ്യമാതൃകകൾ<br>5. മാതൃക പരീക്ഷകൾ<br>6. രക്ഷിതാവ് അറിയാൻ | വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ<br>PTA<br>SSA | 2000/- |

# ഉപസംഹാരം

എൽ.പി. വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം മാത്രമല്ല, അവരുടെ വ്യക്തിത്വ വികസനവും ഭാവിയിലേക്കുള്ള ദിശയും നിർണ്ണയിക്കുന്ന പ്രധാന ഘട്ടമാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ മാർഗനിർദേശങ്ങൾ അനുസരിച്ച് ആസൂത്രണം ചെയ്ത ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ, കുട്ടികളുടെ മുഴുവൻ മേഖലകളിലൂടെയും – ബുദ്ധിമുട്ടുകളും കഴിവുകളും മനസ്സിലാക്കി – വ്യക്തിഗതവും ഉൾകാഴ്ചയുള്ളതുമായ വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യമാക്കുന്നത്.അധ്യാപകരുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹകരണത്തിലൂടെ ഈ പ്ലാൻ വിജയകരമായി നടപ്പിലാക്കാൻ കഴിയും. ഓരോ കുട്ടിയുടെയും സമഗ്ര വളർച്ചയ്ക്കും ഗുണമേന്മയുള്ള പഠനാനുഭവങ്ങൾ ഒരുക്കുന്നതിനും ഈ മാസ്റ്റർ പ്ലാൻ നിർണ്ണായകമായ ഒരു ഉപകരണമായിരിക്കും.

വിദ്യാഭ്യാസം ഒരു യാത്രയാണെങ്കിൽ, ഈ പ്ലാൻ ആ യാത്രക്ക് ഒരു ദിശയും ദൈർഘ്യവുമാണ്. ഇത് കുട്ടികളെ കരുത്തരമാക്കിയുള്ള ഭാവിയിലേക്കുള്ള പാതയാകട്ടെ.